പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

ബി.പി.എൽ. ലിസ്റ്റിന്റെ പുതിയ മാനദണ്ഡങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3242

29.01.2014 ൽ മറുപടിക്ക്

| | ചോദ്യം. | | ഉത്തരം. |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, പി. സി. വിഷ്ണുനാഥ്<br>,, സി. പി. മുഹമ്മദ്<br>,, വി. പി. സജീന്ദ്രൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർനിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br>1. സ.ഉ.(കൈ)നം.209/2011/ത.സ്വ.ഭ.വ. തീയതി 07.09.2011.<br>2. സ.ഉ.(കൈ)നം.224/2012/ത.സ്വ.ഭ.വ. തീയതി 18.08.2012.<br>3. സ.ഉ.(കൈ)നം.112/2012/ത.സ്വ.ഭ.വ. തീയതി 27.04.2012.<br>4. സ.ഉ.(കൈ)നം304/2012/ത.സ്വ.ഭ.വ. തീയതി 23.11.2012.<br>എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബി.പി.എൽ.ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർനിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പുനർനിശ്ചയിച്ച മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) | |
| (സി) | മാനദണ്ഡങ്ങൾ അനുസരിച്ച് ഏതെല്ലാം വിഭാഗങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | അനുബന്ധം ഒന്നായി ചേർക്കുന്നു. |
| (ഡി) | ആരെയെല്ലാമാണ് പുതുക്കിയ മാന ദണ്ഡങ്ങൾ അനുസരിച്ച് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തിയത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | അനുബന്ധം രണ്ടായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

1. സർക്കാർ ജീവനക്കാർ ഉള്ള കുടുംബം (ക്ലാസ്സ് 1 മുതൽ ക്ലാസ്സ് 4 വരെ).
2. സ്വകാര്യ/അർദ്ധ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർ ഉള്ള കുടുംബം.
3. സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ ഉള്ള കുടുംബം.
4. സർക്കാർ/ സർവ്വീസ് പെൻഷണർമാർ ഉള്ള കുടുംബം.
5. അർദ്ധ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിക്കുന്നവർ ഉള്ള കുടുംബം.
6. സഹകരണ സ്ഥാനങ്ങളിലെ പെൻഷണർമാർ ഉള്ള കുടുംബം.
7. പൊതുമേഖല/പ്രൈവറ്റ് സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ ഉള്ള കുടുംബം.(പരമ്പരാഗത തൊഴിൽ മേഖലയിലെ സ്ഥാപനങ്ങളിലെ ജീവനക്കാർ ഒഴികെ).
8. 1000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കോൺക്രീറ്റ് വീട് ഉടമസ്ഥാവകാശത്തിലുള്ള കുടുംബം.
9. സ്വകാര്യ ഉപയോഗത്തിനുള്ള നാല് ചക്ര മോട്ടോർ വാഹനം ഉടമസ്ഥതയിലുള്ള കുടുംബം.
10. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ ഉള്ള കുടുംബം.
11. പട്ടിക വർഗ്ഗക്കാരൊഴികെ ഒരേക്കറിൽ അധികം കാർഷിക ഭൂമി കൈവശത്തിലുള്ള കുടുംബം.

കൂടാതെ 27.04.2012-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 112/12/ത.സ്വ.ഭ.വ സർക്കുലർ അനുസരിച്ച് താഴെ പറയുന്ന വിഭാഗക്കാരേയും ബി.പി.എൽ പട്ടികയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

1. സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ.
2. ആദായ നികുതി ഒടുക്കുന്നവർ.
3. സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ
4. സ്വന്തമായി ആയിരം ചതുരശ്ര അടിയ്ക്ക്മേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ളാറ്റോ ഉള്ളവർ
5. നാലുചക്രവാഹനം സ്വന്തമായി ഉള്ളവർ.

1. സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ ഒഴികെയുള്ള എല്ലാ പട്ടിക വർഗ്ഗക്കാരും.
2. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികൾ.
3.

എ. ആശ്രയ പദ്ധതിയിൽ അംഗങ്ങളായവർ.

ബി. മാനസികവും, ശാരീരികവുമായ വൈകല്യമുള്ളവർ.

സി. ഓട്ടിസം ബാധിച്ചവർ.

ഡി. ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ.

ഇ. എയ്ഡ്സ്, ക്യാൻസർ രോഗികൾ.

എഫ്. ഡയാലിസിസിന് വിധേയരാകുന്നവർ.

ജി. പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവർ, ശരീരം തളർന്ന് ശയ്യാലംബരായവർ.

എന്നിവരെയാണ് പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

Roselin